വാറ്റ്മൂലമുള്ള ടാക്സ് വർദ്ധനവ്

30 [2089] *ഡോ. എം. എ. കുട്ടപ്പൻ:*
ശ്രീ. പി. ടി. തോമസ്:
,, പി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് നടപ്പാക്കുന്നതിനെ വ്യാപാരി വ്യവസായികൾ എതിർക്കുന്നതിന്റെ കാരണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) വാറ്റ് നടപ്പാക്കുന്നതിന്റെ ഫലമായി അവർ ഉപഭോക്താക്കളിൽ നിന്ന് പിരിച്ചെടുക്കാത്ത തുകയുടെ തുക സർക്കാരിൽ അടയ്ക്കേണ്ടതായുണ്ടോ,

(സി) വാറ്റ്മൂലം ടാക്സ് വർദ്ധിക്കുമെന്ന് അവകാശപ്പെട്ട് കടയടച്ച വ്യാപാരികൾ ഇതിനുമുൻപ് വിൽപ്പന നികുതി വർദ്ധിപ്പിച്ചപ്പോൾ എപ്പോഴെങ്കിലും കടയടച്ചോ മറ്റുവിധത്തിലോ സമരം ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) വ്യാപാരികളുടെയും വ്യവസായികളുടെയും നാൽപതിലധികം സംഘടനകളിൽ ഭൂരിഭാഗവും മൂല്യവർദ്ധിത നികുതിയെ പൊതുവിൽ സ്വാഗതം ചെയ്തിട്ടുണ്ട്. നികുതി സമ്പ്രദായം ലളിതവും സുതാര്യവും ആക്കുമെന്നതും നിരവധി വസ്തുക്കളുടെ നികുതി നിരക്ക് കുറയുമെന്നതും ആണിതിനു കാരണം. എന്നാൽ ചില പ്രായോഗിക പ്രശ്നങ്ങൾ പല സംഘടനകളും ചൂണ്ടിക്കാണിക്കുകയും അവ പരിഹരിക്കാൻ സർക്കാർ നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വാറ്റ് നിയമപ്രകാരം ഒന്നാം പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള സാധനങ്ങൾ ഒഴികെ മറ്റു പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന സാധനങ്ങൾ 1%, 4%, 12.5% എന്നീ നിരക്കുകളിൽ വിൽപ്പനയുടെ എല്ലാ ഘട്ടത്തിലും നികുതി വിധേയമാണ്. ഉപഭോക്താക്കളിൽ നിന്നും ഈടാക്കിയിട്ടുള്ള നികുതി സർക്കാരിലേക്ക് അടയ്ക്കുന്നതിനു മുൻപ് വ്യാപാരി ആ സാധനം വാങ്ങിയപ്പോൾ നൽകിയ നികുതിക്ക് കിഴിവ് ലഭിക്കുന്നതുമൂലം വ്യാപാരിയുടെ സ്വന്തം കയ്യിൽ നിന്നും യാതൊരുവിധ നികുതിയും കൊടുക്കേണ്ടതില്ല.

(സി) സമരം ചെയ്തതായി അറിവില്ല.

സംസ്ഥാനത്തെ വൺമാൻ ട്രഷറികൾ

31 [210] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ പഞ്ചായത്തുകളിലാണ് വൺമാൻ ട്രഷറികൾ പ്രവർത്തിക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ:

LIBRARY ARCHIVES Kerala Legislative Assembly